**K22P 1540**

**Reg. No.:** ...............................

**Name :** ...................................

## I Semester M.A. Degree (CBSS – Reg./Sup./Imp.) Examination, October 2022
## (2019 Admission Onwards)
## MALAYALAM LANGUAGE AND LITERATURE
## MAL1C02 : Modern Poetry

Time : 3 Hours　　　　　　　　　　　　　　　　Max. Marks : 80

I. **1-5** വരെയുള്ള ചോദ്യങ്ങൾക്ക് **രണ്ടു പുറത്തിൽ** കവിയാതെ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

1) ''ഇനി യാത്ര പറഞ്ഞിടട്ടെ ഹാ!
ദിന സാമ്രാജ്യപതേ! ദിവസ്പതേ!'' – സൂചിതമെന്ത് ? വ്യക്തമാക്കുക.

2) എന്താണ് മുക്തകങ്ങൾ ? ഉദാഹരണസഹിതം വിശദമാക്കുക.

3) ജീവിതനൈരാശ്യത്തിന്റെ ആഴം മണിനാദത്തിൽ പ്രതിഫലിക്കുന്നതെങ്ങനെ ?

4) 'ജാതകം തിരുത്തി' എന്ന ശീർഷകത്തിന്റെ ഔചിത്യമെന്ത് ?

5) ''ഞാനുമുണ്ടടുത്തപമൃത്യുവിന്നടിപെട്ട
മാനുഷാത്മാവിപ്പാരിൽ തങ്ങണ കാലം വരെ'' – ആശയം വിശദമാക്കുക.

**(5×4=20)**

II. **6-10** വരെ ചോദ്യങ്ങൾക്ക് **നാലു പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

6) പതിയുടെ മൃതിയെച്ചൊല്ലിയുള്ള ഒരു വിലാപം ഭാരതീയ ദാമ്പത്യത്തിന് ലഭിച്ച പ്രശംസയാണ്. സമർത്ഥിക്കുക.

**അല്ലെങ്കിൽ**

ആശ്വാസം എന്ന കവിതയിൽ കൽപ്പറ്റ പങ്കുവയ്ക്കുന്നതെന്തെല്ലാം ?

7) ഉത്തരാധുനിക കവിതകളുടെ ആഖ്യാന സവിശേഷതകൾ ഉദാഹരണ സഹിതം വിശദമാക്കുക.

**അല്ലെങ്കിൽ**

പനി, കാണക്കാണെ തുടങ്ങിയ കവിതകൾ മുന്നോട്ടു വയ്ക്കുന്ന കാലിക പ്രസക്തി എന്ത് ?

**P.T.O.**



8) കർണഭൂഷണം മലയാളത്തിന്റെ പുണ്യമാണെന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

**അല്ലെങ്കിൽ**

മലയാള കാവ്യലോകത്ത് സ്വന്തം വഴിയും ഇടവും കണ്ടെത്തിയ കവിയാണ് ആറ്റൂർ. 'രാമായണം' എന്ന കവിതയെ ആസ്പദമാക്കി സമർത്ഥിക്കുക.

9) വാക്കേ വാക്കേ കൂടെവിടെ, മലയാളം എന്നീ കവിതകൾ താരതമ്യം ചെയ്ത് അവയുടെ ഭാവതലം വിശദമാക്കുക.

**അല്ലെങ്കിൽ**

മലയാളകവിത സ്വതന്ത്രമായ പ്രണയ/ലൈംഗിക വാസനയുടെ തുറന്നെഴുത്തായി മാറുന്നതെങ്ങനെയാണ് ? 'പല ഉപമകളിൽ ഒരു മഞ്ഞുകാലം' എന്ന കവിതയെ മുൻനിർത്തി വിശകലനം ചെയ്യുക.

10) ബിംബങ്ങളുടെ കരുത്തും ഭാഷയുടെ ലാളിത്യവുമാണ് വീരാൻകുട്ടിയുടെ കവിതകളുടെ മുഖമുദ്ര. 'നല്ലവൾ' എന്ന കവിതയെ ആസ്പദമാക്കി നിരീക്ഷിക്കുക.

**അല്ലെങ്കിൽ**

യഥാർത്ഥ ജീവിതത്തിൽ ഉറുമ്പിനോടുപോലുമുള്ള അനുകമ്പ എന്ന ഉന്നതമൂല്യം പ്രകടമാകുന്നതിൽ സത്യദർശനത്തിന്റെ പങ്കെന്തെന്ന് വിശദമാക്കുക. **(5×6=30)**

III. **11** മുതൽ **13** വരെ ചോദ്യങ്ങൾക്ക് **ആറു പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

11) ജാതി വ്യത്യാസത്തിന്റെ അർത്ഥശൂന്യത ചൂണ്ടിക്കാണിക്കുന്ന കൃതിയാണ് ജാതിക്കുമ്മി – സമർത്ഥിക്കുക.

**അല്ലെങ്കിൽ**

പുരാണകഥയുടെ പുനരാഖ്യാനത്തിനപ്പുറം അവയെ സമകാലീന ജീവിതവുമായി ഇണക്കി ചേർക്കുന്ന കവിതയാണ് 'ഗജേന്ദ്ര മോക്ഷം'. സമർത്ഥിക്കുക.

12) പരിസ്ഥിതി, സ്ത്രീ, ദളിത് പ്രമേയങ്ങൾ മലയാള കവിതയെ പരിണാമവിധേയമാക്കിയതെങ്ങനെ എന്ന് വിലയിരുത്തുക.

**അല്ലെങ്കിൽ**

ഒരു ചലച്ചിത്രത്തിലെന്നപോലെ ദൃശ്യബിംബങ്ങളുടെ അതിമനോഹരമായ ആവിഷ്ക്കാരമാണ് ജി. ശങ്കരക്കുറുപ്പ് പിൻതുടരുന്നത്. സാഗരഗീതം ആസ്പദമാക്കി വിശകലനം ചെയ്യുക.

13) കേശമിതു കണ്ടുവോ, തൊട്ടാൽ വാടരുത്,
പെണ്ണുങ്ങൾ കാണാത്ത പാതിരാ നേരങ്ങൾ എന്നീ കവിതകളുടെ സാമൂഹ്യ പ്രസക്തി നിരൂപിക്കുക.

**അല്ലെങ്കിൽ**

കുമാരനാശാന്റെ സീത ഉജ്ജ്വലവ്യക്തിത്വത്തിനുടമയാണെന്ന അഭിപ്രായം പരിശോധിക്കുക.

**(3×10=30)**